
# ചിറക്



ഇ-മാഗസിൻ 2018-2019

സെന്റ്.ജോസഫ്സ് ഹൈസ്ക്കൂൾ വായാട്ടുപറമ്പ




•

*ലിറ്റിൽ കൈറ്റ്സ്*

*ഇ-മാഗസിൻ*

*2018-2019*



*സെന്റ്.ജോസഫ്സ് ഹൈസ്ക്കൂൾ വായാട്ടുപറമ്പ*

# മുഖമൊഴി

ദിനംതോറും വികസനത്തിന്റെ പാതയിൽ ചരിക്കുന്ന ഈ ആധുനിക യുഗത്തിൽ അറിവിന്റെ വികസനത്തിന് '**ചിറക്**'' എന്ന ലിറ്റിൽ കൈറ്റ്സ് മാഗസിൻ ഒരു പുതിയ തുടക്കം കുറിക്കട്ടെ. വികസന പാതയിൽ ഒരു കുതിപ്പ് ആകട്ടെ നമ്മുടെ ഇ-മാഗസിൻ എന്ന പ്രതീക്ഷയോടെ, പ്രത്യാശയോടെ ........

എഡിറ്റർ

അനഘ സുരേന്ദ്രൻ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : അനഘ സുരേന്ദ്രൻ

സബ് എഡിറ്റർ : ഷാരോൺ ജോർജ്ജ്

എഡിറ്റോറിയൽ അംഗങ്ങൾ

മുഹമ്മദ് ഫാസിൽ

മുഹമ്മദ് സിറാജ് എ എം

ജ്യുവൽ മരിയ ബിനോജ്

ഷെറിൻ ഷാജു

ആൻസ് റ്റി സജി

സ്റ്റെഫിൻ ജോസഫ്

അപർണ തോമസ്

എമിൽ മേരി മാത്യു

അമേയ ജോർജ്

ബിൻസു ജോർജ്

ആൻ മേരി ജിമ്മി

അലീന ജോസ്സൺ

ആൻ മരിയ എബ്രാഹം

കവർപേജ് : അപർണ തോമസ് 9A

പേജ് ഡിസൈനിങ് : ആൻസ് റ്റി സജി

ക്രിയേറ്റീവ് സപ്പോർട്ട് : പ്രീതി പി ജോസഫ്

ഡോളി മാത്യു

മായ കെ ജോർജ്ജ്

റിൻസി ജോസഫ്

# Message

No one is born as great in the world, but some are becoming great. Creativity is a natural process in human life. It is as leaves come to a tree. Every child is gifted with inborn talents. We should find our creativity in every aspects of our life. So let us unfold our creativity power with this magazine. This magazine will help us to do it. I wish all the success to the Little Kites students who worked hard for this magazine.

**MATHEW J PULICKAL**

*Head Master,*
*ST.JOSEPH'S H.S.S VAYATTUPARAMBA*

# ആശംസ

*വായാട്ടുപറമ്പ് സെൻറ് ജോസഫ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് ഇ-മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷിക്കുന്നു. അറിവ് ആയുധമാണ് തങ്ങളുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം നന്നായി വിനിയോഗിച്ച പ്രതിഭകളെ അഭിനന്ദിക്കുന്നു. വിവരവിനിമയ സാങ്കേതികവിദ്യ യിലുള്ള മികവു പ്രകടിപ്പിക്കാനും സാധിച്ചിരിക്കുന്നു ഈ സംരംഭം വരും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കും ഒരു പ്രചോദനമാകട്ടെ എന്ന് പ്രത്യാശിക്കുന്നു. മാറുന്ന സാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിൽ ഇത് നല്ലൊരു വായനാനുഭവം എല്ലാവർക്കും നൽകട്ടെ എന്ന് ആശംസിക്കുന്നു അതോടൊപ്പം ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്മകൾ നേർന്നുകൊണ്ട് .*

**റിൻസി ജോസഫ്**

*S.I.T.C*

*ST.JOSEPH"S H.S.S.VAYATTUPARAMBA*

# ആശംസ

അക്ഷരം അറിവാണ് അറിവ് സർഗാത്മകതയുടെ അന്തർധാരയാണ്. അത് കവിതയായും, കഥയായും, ചിത്രമായും, ലേഖനമായും, വിവിധ രൂപത്തിലും വിവിധ ഭാവത്തിലും ചിറകുകളേന്തി പരിമളം വീശുന്ന. ചിറക്എന്ന ഇ-മാഗസിൻ ഇത്രയും മികച്ചതാക്കി മാറ്റിയ എല്ലാ ലിറ്റിൽ കൈറ്റ്സ്അംഗങ്ങളായ സാഹിത്യ പ്രതിഭകൾക്കും അഭിനന്ദനങ്ങൾ. ഈ കൈയെഴുത്ത് മാസികയിലൂടെ നല്ല ഒരു വായന സാധ്യമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്

**മായ കെ ജോർജ്ജ്**

**കൺവീനർ**
**വിദ്യാരംഗം കലാസാഹിത്യവേദി**

# ആശംസകൾ

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയലോകത്തേക്ക് പറന്നുയരുന്ന കൊച്ചുകുട്ടുകാർക്ക് ആശംസകൾ. നിങ്ങൾ തയ്യാറാക്കിയ ഇ-മാഗസിന്റെ ഓരൊ പേജിലേക്കു കടക്കുമ്പോഴും അഭിമാനം തോന്നുന്നു. നിങ്ങളുടെ വൈവിധ്യമാർന്ന രചനകൾ അതിനു പിന്നിലെ കഠിനാധ്വാനവും കൂട്ടായ പരിശ്രമവും സത്യത്തിൽ അമ്പരപ്പിക്കുന്നു. നമ്മുടെ ഇ-മാഗസിൻ അങ്ങനെ യാഥാർത്ഥ്യമായിരിക്കിന്നു ! ഇതു യാഥാർത്ഥ്യമാക്കാൻ സഹകരിച്ച എല്ലാ കൊച്ചുകുട്ടുകാർക്കും ആശംസകളും നേരുന്നു.

**ഡോളി മാത്യു**

*LITTLE KITES MISTRESS*

# ആശംസ

വായാട്ടുപറമ്പ് സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികളുടെ പ്രയത്ന ഫലമാണല്ലോ **ചിറക്** എന്ന ഇ-മാഗസിൻ. കുട്ടികളുടെ കലാപരവും രചനാപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനൊപ്പം ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഒരു അവസരം കൂടിയാണ് ലിറ്റിൽ കൈറ്റ്സിലൂടെ കുട്ടികൾക്ക് ലഭിച്ചത്. വിദ്യാലയങ്ങൾ ഹൈടെക് ആയി മാറിയ ഇന്ന് കമ്പ്യൂട്ടറിന്റെ സാധ്യതകൾ മനസ്സിലാക്കുവാനും അതിലേക്കിറങ്ങി ചെല്ലുവാനും വിദ്യാർത്ഥി സമൂഹത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു .

**പ്രീതി പി ജോസഫ്**

*LITTLE KITES MISTRESS*

# ഉള്ളടക്കം

........................................................................................................................................7
........................................................................................................................................9
ഗുരുവന്ദനം......12
ലിറ്റിൽ കൈറ്റ്സ്......16
കുട്ടികളുടെ ഐടി ക്കൂട്ടായ്മ......16
എന്റെ വിദ്യാലയം......18
പരിസ്ഥിതി സൗഹൃദ വികസനം......19
മൗനരാഗം......26
വയോജനങ്ങൾ- സമൂഹത്തിന്റെ സമ്പത്ത്......29
പ്രളയകാലത്തിന്റെ ഓർമ്മക്ക്......34
ROSE......35
സ്വപ്നം തിരികെ നൽകിയത്......36
നീലാകാശം......40
കംപ്യൂട്ടറും വിദ്യാർത്ഥികളും......42
പൊതുവിദ്യാലയങ്ങളുടെ പ്രസക്തി......44
FLOOD......46
ശിക്ഷണം......47
Friendship......49
ഉരുകുന്ന മെഴുകുതിരി -......50
ഭൂമിയെക്കൊന്ന......52
പരിണാമസിദ്ധാന്തം......52
CRYING BIRD & I......54
Healthy Mind In a Healthy Body......55
നല്ലവനായ കള്ളൻ......59
വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മയ്ക്ക് ......63
വിജ്ഞാനം......64
മലയാള ചെറുകഥ......65
നന്ദി......71

# ഗുരുവന്ദനം

അമല മാർട്ടിൻ[1]

ഒരു ശിഷ്യനും ഗുരുവിനേക്കാൾ വലിയവനല്ല. അവൻ എല്ലാ പാഠങ്ങളും അഭ്യസിച്ചു കഴിയുമ്പോൾ ഗുരുവിനു തുല്യനായി മാറുന്നു. മനസ്സിൻ ചെപ്പിൽ ഓർത്തുവയ്ക്കാൻ ഒരുപിടി നല്ല ഓർമ്മകൾ സമ്മാനിച്ച നമ്മുടെ പ്രിയ അധ്യാപകരായ ജോർജ്ജ് സാറും ലൗലി ടീച്ചറും അനധ്യാപകനായ പ്രിയ ടോമി ചേട്ടനും അവരുടെ ഔദ്യോഗിക കർമ്മങ്ങളിൽ നിന്നും വിരമിക്കുകയാണ്. നമ്മളെ ഓരോരുത്തരെയുംനാളയുടെവാഗ്ദാനങ്ങളായിവാർത്തെടുക്കുന്നതിൽ ഇവർ നല്ലൊരു പങ്കു വഹിച്ചിട്ടുണ്ട്. ലൗലി ടീച്ചറിന് നിഷ്കളങ്കമായ ചിരിയും ജോർജ് സാറിന്റെ അതിഗംഭീരമായ അധ്യാപന ശൈലിയും ടോമി ചേട്ടന്റെ കാര്യക്ഷമതയും ഓരോ വിദ്യാർത്ഥിയുടെയും മനസ്സിൽ മായാ മുദ്രപോലെ പതിഞ്ഞു കിടക്കും .

നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദി യിലുള്ള പരിജ്ഞാനം വിദ്യാർത്ഥി

---

1 അമല മാർട്ടിൻ 10 D നിരവധി കഥകളും കവിതകളും എഴുതിയിട്ടുണ്ട്. കേരളത്തിന്റെ നിലവിളി , കാറ്റു പറഞ്ഞത് ഇവയൊക്കെ ശ്രദ്ധിക്കപ്പെട്ട രചനകളാണ് .

മനസ്സുകളിൽ എത്തിക്കാൻ നമ്മുടെ ലൗലി ടീച്ചർ വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ടീച്ചറിന്റെ അർത്ഥസംമ്പുഷ്ടമായ വാക്കുകൾ എന്നുമൊരു പാഠമായി ഞങ്ങളുടെ മുൻപോട്ടുള്ള ജീവിതത്തിൽ ഒരു വഴിവിളക്കായി മാർഗ്ഗം തെളിയിക്കും. സർവ്വ സൃഷ്ടി ജാലങ്ങളുടെയും പഠനം ക്രോഡീകരിച്ചിരിക്കുന്ന ബയോളജി എന്ന വിഷയം വിദ്യാർത്ഥികളിൽ പകുത്തുനൽകിയ നമ്മുടെ സ്വന്തം ജോർജ് സാർ വളരെ ഉത്തരവാദിത്വ ബോധത്തോടെയും വിദ്യാർത്ഥികളെ സ്വന്തം മക്കളെ പോലെ കണ്ടു അവരെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തു ജോർജ്ജ് സാറിന് എല്ലാവിധ മംഗളങ്ങളും മുന്നോട്ടുള്ള ജീവിതപാതയിൽ ആശംസിക്കു നമ്മുടെ സ്കൂളിലെ ഉന്നമനത്തിനായി രാപ്പകൽ സേവനമനുഷ്ഠിച്ച ടോമി ചേട്ടൻ തന്റെ ജോലിയോട് കൂറുപുലർത്തിയും ആത്മാർത്ഥതയോടെ ക്ലർക്ക് എന്ന തന്റെ ഔദ്യോഗിക പദവി വളരെ നിഷ്പക്ഷമായ രീതിയിൽ നിർവഹിക്കുകയും ചെയ്തു അദ്ദേഹത്തിന് ഈ വിരാമ വേളയിൽ ഏവരുടെയും പേരിൽ

ഹൃദ്യമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു അറിവിനെ വെളിച്ചം നമുക്ക് പകർന്നുതന്ന അമ്മേ നന്മയിലേക്ക്

നയിക്കാൻ നിരന്തരം പരിശ്രമിച്ച ലൗലി ടീച്ചറിനും ജോർജ് സാറിനും ടോമി ചേട്ടനും തങ്ങളുടെ മുന്നോട്ടുള്ള യാഗവേദിയിൽ എല്ലാവിധ ആയുരാരോഗ്യ സൗഖ്യങ്ങൾ നേരുന്നു ഒപ്പം എല്ലാവിധ അനുഗ്രഹങ്ങളും ജഗദീശ്വരൻ നിങ്ങളുടെ ജീവിതത്തിൽ വർഷിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു .

## ഗുരുവന്ദനം



*Illustration 1: sharon george*

**ലിഡിയ സിബി**[2]



2 ലിഡിയ സിബി 10B പെൻസിൽ ഡ്രോയിങ് മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി .

# ലിറ്റിൽ കൈറ്റ്സ്
# കുട്ടികളുടെ ഐടി കൂട്ടായ്മ

**ഡോളി മാത്യു**
*ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്*

*സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ''ലിറ്റിൽ കൈറ്റ്സ്'' എന്ന ഐറ്റി കൂട്ടായ്മ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പാക്കിയിരിക്കുന്നു. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തുന്നതിന് അവസരം നൽകുക. ഓരോ കുട്ടിക്കും തനിക്കു യോജിച്ച മേഖല കണ്ടെത്താൻ അവസരമൊരുക്കുക. ഇവയൊക്കെയാണ് ഈ കൂട്ടായ്മ കൊണ്ട് ഉദ്ദേശിക്കുന്നത്.*



***സെന്റ്.ജോസഫ്സ് ഹൈസ്കൂൾ വായാട്ടുപറമ്പ***

ഏഴ് മൊഡ്യൂളുകളുടെ 25 ആഴ്ചകളിലൂടെ നടപ്പിലാക്കുന്ന യൂണിറ്റുതല പരിശീലനപ്രവർത്തനങ്ങൾ എല്ലാ ബുധനാഴ്ചകളിലും 4 മണിമുതൽ 5 മണിവരെ ക്രമീകരിച്ചിരിക്കുന്നു .അതോടൊപ്പം തന്നെ ഇ-മാഗസിൻ നിർമ്മാണത്തിന് അധിക സമയം കണ്ടെത്തുന്നു .സ്കൂൾതല ക്യാമ്പുകൾ, മികവുപുലർത്തുന്നവർക്ക് സബ് ജില്ല ജില്ല,സംസ്ഥാനതലക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും കുട്ടികൾക്ക് അവസരം ലഭിക്കിന്നു .

സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഈ കൂട്ടായ്മകൊണ്ട് ലക്ഷ്യമിടുന്നത്.

# എന്റെ വിദ്യാലയം

ആൻ മേരി വിൽസൺ[3]

അക്ഷരമാലകൾ കോർത്തില്ല ഞാൻ
ഗുണനവും ഗണിതവും ഗണിച്ചില്ല ഞാൻ
വിദ്യാലയം ആകും ഈ പ്രകൃതിയിൽ നിന്നു
ജീവിതത്തിൻറെ വിജ്ഞാനം അഭ്യസിച്ചു

വിതച്ചിട്ടും വിത്തും കൊയ്യും നിലങ്ങളും
ജീവിതത്തിൽ തത്വം ഇന്ന് എന്നെ പഠിപ്പിച്ചു
കൊഴിയുന്ന ഇലകളും പൂക്കുന്നില്ല കളും
ജീവിതത്തിൽ വഞ്ചിയിൽ എന്നെ തുഴയിച്ചു

വലകൾ നെയ്യുന്ന ചിലന്തിയിൽനിന്നും
വെളിച്ചം പകർത്തുന്ന മിന്നുങ്ങിൽ നിന്നും
ജീവിതത്തിൽ പാത ഞാൻ അഭ്യസിച്ചു
തണലായി നിൽക്കുന്നു കാറ്റിൽ നിന്നും

കുളിരായി വീശുന്ന കാറ്റിൽനിന്നും
വിദ്യാലയമാകുമീ പ്രകൃതിയിൽ നിന്നും
ജീവിതത്തിൻ വിദ്യ ഞാനഭ്യസിച്ചു

3 ആൻ മേരി വിൽസൺ നല്ലയൊരു എഴുത്തുകാരി എന്നതിനുപരി ഐടി മേളകളിൽ തിളങ്ങുന്ന താരവുമാണ് .

## പരിസ്ഥിതി സൗഹൃദ വികസനം

അപർണ തോമസ് 9A[4]

നാം ജീവിക്കുന്ന ഈ ലോകത്ത് പരിസ്ഥിതിക്ക് വലിയ പ്രാധാന്യമുണ്ട്. പരിസ്ഥിതി എന്നത് നമ്മുടെ അനുദിന ജീവിത്തിൽ പ്രാധാന്യമുള്ള ഒന്നാണ്. ഇന്നു നാം പരിസ്ഥിതിയോട് ചെയ്യുന്ന ഓരോ ക്രൂരതയും നാളെ അത് നാലിരട്ടിയായി നമുക്ക് തിരിച്ച തരും. അതിന് ഉത്തമ ഉദാഹാരണമാണ് ഈയിടെ നമ്മുടെ നാടിനെ കുലുക്കിയ മഹാപ്രളയം. പരിസ്ഥി എന്നത് അമ്മയായ ദൈവമാണ്. ജീവിതമാകുന്ന ഈ ലോകത്തിൽ പരിസ്ഥിക്ക് വലിയ പങ്കുണ്ട്. നാം ചെയ്യുന്ന ഓരോ പ്രവർത്തനവും ഭൂമിക്ക് ഏൽക്കുന്നുണ്ട്. നമ്മുടെ ഭൂമിയായ തറവാടിനെ നമ്മൾ ഇന്നു നശിപ്പിക്കുകയാണ്.

"ഭൂമിതൻ ജീവിതതുടിപ്പിനെ

രക്ഷിക്കുകയിൽ മാനുഷരേ"

4 ഉപന്യാസരചനാ മത്സരത്തിൽ അപർണ തോമസ് സ്ഥിരം വിജയിയാണ് . അപർമക്ക് ഒന്നാംസ്ഥാനം നേടിക്കൊടുത്ത ലേഖനംഡിജിറ്റൽ പെയിന്റിങ് ദില്ലാതലത്തിൽ പങ്കെടുത്തിട്ടുണ്ട്

കുഞ്ഞുണ്ണി മാഷിന്റെ വരികൾ നമ്മുടെ മനസ്സിൽ എന്നും നിലനിൽക്കട്ടെ എന്നു ഞാൻ പറയുന്നു. അമ്മയാകുന്ന പരിസ്ഥിതി നാം ഇന്നു കാട്ടിക്കൂട്ടുന്ന എല്ലാ ദുഷ്പ്രവർത്തികൾക്കും വിനയായി തീരുകയാണ്. നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രധാന്യമുള്ള ഘടകമാണ് അമ്മയാകുന്ന ഭൂമി. പരിസ്ഥിതി വൽക്കരണത്തിന്റെയും അതുപോലെയുള്ള പുതിയ തലമുറവൽക്കരണവും ചൂണ്ടിക്കാണിക്കുന്ന ഒരു കഥയാണ് സുമേഷ് ചന്ദ്രോത്തിന്റെ ഹരിതമോഹനം എന്നത്. പരിസ്ഥിയിൽ ഒരു വലിയ പങ്ക് വഹിക്കുന്ന ഒന്നാണ് പുഴകൾ എന്നത്. മനുഷ്യന്റെ ക്രൂരമായപ്രവത്തനങ്ങൾക്ക് ഇര യായിക്കൊണ്ടിരിക്കുന്ന ഒന്നാണ് പുഴകൾ .

"ദൈവത്തിൻ കൈകളിൽ നിന്ന്
വന്നതായ ഭൂമിയാം അമ്മയെ
എന്തുകൊണ്ട് നിങ്ങൾ നശിപ്പിക്കുന്നു"

നമുക്ക് നമ്മോടുതന്നെ ഈ ചോദ്യങ്ങൾ ചോദിക്കാം. എന്നിട്ട് നമുക്കു തന്നെ ഭൂമിയെ സംരക്ഷിക്കാം. നമുക്ക് ഒന്ന് ഓർക്കാം

നമ്മുടെ നഗരവ ൽക്കരണത്തിലൂടെ നമുക്ക് കുറെ ഉപകാരങ്ങൾ ലഭിക്കാറുണ്ട്. അതു ജീവിതത്തിൽ നല്ല പങ്ക് വഹിക്കുന്നു. പരിസ്ഥിതിയെ സ്നേഹിച്ചുകൊണ്ട് നമുക്ക് എന്തെല്ലാം വികസനങ്ങൾ നടത്താം എന്ന് ചിന്തിക്കേണ്ട സമയമടുക്കുന്നു. നമ്മുടെ ചുറ്റുപാടുകളിൽ കാണുന്ന ഒന്നാണ് മാലിന്യങ്ങൾ എന്നത്. അത് നമ്മൾ വലിച്ചെറിയുമ്പോൾ നാം ഒന്ന് ഓർക്കണം നമ്മുടെ ഭാവിയെയാണ് നശിപ്പിക്കുന്നത് എന്നത്. ആ മാലിന്യങ്ങൾ ബയോ കമ്പോസ്റ്റിൽ ഇടുമ്പോൾ അത് നമ്മുടെ വീടുകളിൽ ഉപയോഗിക്കുവാൻ പാകത്തിലുള്ള ഗ്യാസായി തിരിച്ചു ലഭിക്കുന്നു ഇത് പരിസ്ഥിതി സൗഹൃദവികസനത്തിന് ഒരു ഉദാഹരണമാണ്.

ഈ പരിസ്ഥിതിയെ നാം നശിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ നാം ഒന്ന് ഓർക്കണം നാം നാളെയുടെ തലമുറയെ യാണ് നശിപ്പിക്കുന്നത് എന്നത് .

**“ഇനി വരുന്നൊരു തലമുറക്ക്**

**ഇവിടെ വാസം സാധ്യമോ”** ....?ഈ ചോദ്യം തന്നെ

യാണ് ഇന്നത്തെ തലമുറയോട് ചോദിക്കേണ്ടത്. പിന്നെ പുതിയ തലമുറയുടെ ഒരു ഉപയോഗമാണ് സ്മാർട്ട് ഫോൺ എന്നത്. അതിന്റെ റേഡിയേഷൻ കൊണ്ട് ഭൂമിയെ തകർക്കുകയാണ് . പ്രകൃതിയെ നാം ഇന്ന് ദ്രോഹിച്ച് കൊണ്ടിരിക്കുകയാണ് വറ്റി വരണ്ട് കൊണ്ടിരിക്കുന്ന ഈ ഭൂമിയെ നാം ഒന്നുകൂടി ദ്രോഹിക്കുകയാണ്. വേനൽക്കാലത്ത് നാം കുഴൽ കിണറുകൾ കുത്തി ഭൂമിയിൽ നിന്ന് വെള്ളമെടുക്കുമ്പോൾ നമ്മെത്തന്നെ നാം മാറ്റികൊണ്ടിരിക്കുകയാണ്. അതിനുപകരം നാം മഴവെള്ളം സംഭരണികളിലാക്കി ശേഖരിച്ചുവെച്ച് അത് ശുദ്ധീകരിച്ച് ഉപയോഗിക്കാൻ സാധിച്ചാൽ അതും ഒരു സൗഹൃദവികസന പദ്ധതിയാണ്.

ഭൂമിക്ക് ഏറ്റവും കൂടുതൽ വേണ്ടത് കരുതലുകളാണ് .അത് ലഭിച്ചില്ലെങ്കിൽ ഈ സൗഹൃദവികസനം കൊണ്ട് ഒരു ഉപയോഗവും ഉണ്ടാവുകയില്ല. വലിയ കൂറ്റൻ കെട്ടിടങ്ങളുണ്ടാക്കി നാം നമ്മെത്തന്നെ ഇല്ലാതാക്കികൊണ്ടിരിക്കുകയാണ്. നാം ചെയ്യുന്ന ഓരോ പ്രവർത്തനവും ഇന്ന് ഈ ഭൂമിയെ നശിപ്പിച്ച

കൊണ്ടിരിക്കുകയാണ്. **“ജീവിക്കുക എന്നത് ഭൂമിയെ സ്നേഹിച്ചുകൊണ്ടായിരിക്കണം, അല്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ അർത്ഥമില്ലാതാവുകയാണ്”** എന്ന് എ.പി .ജെ അബ്ദുൾ കലാം തന്റെ ആത്മകഥയായ അഗ്നിച്ചിറകുകളിൽ പറയുന്നുണ്ട് .

പരിസ്ഥിതിയുടെ നന്മ യെ ചൂണ്ടിക്കാണിക്കുന്ന ഒരു പാട്ടാണ് “മല നിരകൾ മകുടം ചാർത്തും ,വയലോലകൾ പൊന്നണിയിക്കും മധുമാസം പൂ ചൂടിക്കും മലയാളമേ “എന്നത്. ഏതൊരു മലയാളിക്കും മനസ്സിൽ തട്ടുന്ന ഒരു പാട്ടാണ് ഇത്. ഒരു പക്ഷെ ഈ ഭൂമിയെ നാം നശിപ്പിക്കുന്നത് നമ്മുടെ ജീവിത സഹചര്യം കൊണ്ടാണ് .

നഗരവൽക്കരണത്തിന്റെ കാലമായതുകൊണ്ടാണ് ഇന്നു നമ്മുടെ ഭൂമി നശിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമുക്ക് വികസന പദ്ധതികൾ ഭൂമിക്ക് സൗഹൃദപരമായി ഉപയോഗിക്കാം . അങ്ങനെ നമുക്കു നാളെയുടെ നന്മ മരങ്ങളായി മാറാം.

വികസനങ്ങള്‍ ഉണ്ടായതുകൊണ്ട് മാത്രം കാര്യമില്ല അത് പ്രകൃതിക്ക് ഇണങ്ങിയത് ആയിരിക്കണം. അങ്ങനെയുള്ള പദ്ധതികള്‍ സര്‍ക്കാര്‍ ഉണ്ടാക്കുന്നുണ്ട് അതിനെ പ്രോത്സാഹിപ്പിക്കുക എന്നതാണ് നമുക്ക് ചെയ്യുവാന്‍ പറ്റുന്ന ഒരേ ഒരു കാര്യം. പ്രകൃതിയെ സ്നേഹിച്ചുകൊണ്ട് പ്രകൃതിയെ ഹരിതവല്‍ക്കരിച്ചുകൊണ്ട് നാളെയുടെ നന്മകളായിമാറി നാളെയുടെ വിളക്കായി നമുക്കു മാറാം. എന്നും നമുക്ക് ഈ വരികള്‍ ഓര്‍ക്കാം .

> "ഇനി വരുന്നൊരു തലമുറക്ക്
> *ഇവിടെ വാസം സാധ്യമോ"*




*Illustration 2: NANDANA SABU*

# മൗനരാഗം

റോണിറ്റ് ഫിലിപ്പ്[5]

*ശൂന്യതതൻ ആഴങ്ങളിൽ*
*മൗനം തളിർക്കും നേരം*
*സൗഹൃദ ലോകത്ത്*
*മൂക സംഗീതമൊഴുകുന്ന .........*

*മനസ്സിൻ വിശാല ലോകത്തും*
*മൗനം നിറയുന്നു ....................*
*സൗഹൃദത്തിൻ ച്ചൂട്ടു തണലിലും*
*മൗനം നിറയുന്നു*
*ആ സ്മരണീയ നാളുകൾ*
*അവന് ഏകാന്ത നാളുകൾ*
*എല്ലാമുണ്ടായിരുന്നു അവന്*
*ഒന്നുമില്ലായിരുന്നു !*
*സൗഹൃദത്തിൽ ഏകനല്ല*
*എന്നാൽ ഏകമായി സൗഹൃദം!*
*കയ്യിട്ടില്ലവൻ ആരുടെ തോളിലും*
*അവന്റെവ്തോളും ഒഴിഞ്ഞുകിടന്നു ...........*
*ഒരു നാൾ ഒരു കിളിയാ-*
*ഉണക്ക യിൽ കൂടുകൂട്ടി*
*ഇല വന്നു പൂ വന്നു കായ് വന്നു...............*
*വേനൽ വന്നു മഴ വന്നു വസന്തം എത്തി*
*മൗനത്തിൽ ലയിച്ച് സന്തോഷങ്ങൾ*

---

5 റോണിറ്റ് ഫിലിപ്പ് നല്ലയോരു കവിയാണ് , ചിത്രകാരനാണ് .ഗണിതമേളകളിൽ സ്റ്റിൽ മോഡൽ വിഭാഗത്തിൽ സ്ഥിരം വിജയിയുമാണ് .

*മൗനത്തിൽ ഒളിച്ച സങ്കടങ്ങൾ*
*മൂക ചുണ്ടിൽ ചിരി വിടർത്തി*
*പറന്നു  സൗഹൃദ ചിറകിൽ ..................*

*ആരും അറിഞ്ഞില്ല ഇണക്കങ്ങൾ*
*ആരെയും അറിയിച്ചില്ല പിണക്കങ്ങൾ  !*
*കൂടെ നടന്നു കൂട്ടുകാരനായി*
*മൗനം തീർത്ത്*
*മൂകമായി നിന്നു അന്ത്യ നിമിഷവും*
*പുഞ്ചിരിയിലൊതുക്കി അവസാന കണ്ടുമുട്ടൽ  !*
*സ്നേഹത്തിൻ നന്മയ്ക്കായ് അവൻ*
*ഒതുങ്ങിക്കൂടി തന്നിലേക്ക് തന്നെ .............*
*വിട വാങ്ങിയവർ പരസ്പരം*
*അല്ല കാലം അവരെ വേർപെടുത്തി*
*വിധിയുടെ മറവിൽ*
*നടന്നകന്നു ..............*
*പിന്നീടവർ തിരഞ്ഞു*
*പരസ്പരം കണ്ടെത്തിയില്ല  !*
*മറുപടിയില്ല കാലത്തിനു*
*മൗനം..............*

മൗനം.........



*Illustration 3: DOLLY MATHEW*

# വയോജനങ്ങൾ- സമൂഹത്തിന്റെ സമ്പത്ത്

അലീന സാജു [6] 10A

ഒക്ടോബർ 1 ലോക വയോജന ദിനമാണ്. ഈ ദിനാചരണത്തിന് പ്രസക്തി ഏറുകയാണ്.വയോജനങ്ങളോട് അനുകമ്പയും ആദരവും വേണ്ടിടത്ത് ,ഇന്ന് അവഗണനയും നിന്ദയും ആണ് കാട്ടുന്നത്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ അഞ്ചിലൊന്നായിരിക്കും വയോജനങ്ങളുടെ സംഖ്യയെന്ന് പഠനങ്ങൾ പറയുന്നു. വയോജനങ്ങൾ സമൂഹത്തിന്റെ വിലമതിക്കാനാവാത്ത സമ്പത്താണ്. പക്ഷെ ഈ സമ്പത്ത് വേണ്ടവിധം പ്രയോജനപ്പെടുത്താൻ സമൂഹമിന്ന് വിസമ്മതിക്കുന്നു. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങൾ നല്ല സന്ദേശമല്ല നൽകുന്നത്. വീടുകളിൽ നിന്നും ഒഴിവാക്കപ്പെട്ടവരായി വയോജനങ്ങൾ മാറുന്നു. തെരുവോരങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും മറ്റും അനാഥരായി തള്ളിക്കളയുന്ന പാഴ്

6 ഉപന്യാസ രചനയിൽ കഴിവുതെളിയിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടത്തിലെ പ്രതിഭ

വസ്തുക്കളായി വൃദ്ധജനങ്ങൾ മാറുന്നു എന്നത് ആശങ്ക യുണ്ടാക്കുന്നു.സംരക്ഷണമൊ പരിചരണമൊ ഇല്ലാതെ വീടിന് അധികപ്പറ്റായി വയോജനങ്ങളെ കാണുന്ന പ്രവണത ദുഃഖകരമാണ്. വൃദ്ധസദനത്തിൽ പ്രവേശനം നൽകാവുന്നതിലും അധികം അന്തേവാസികൾ പെരുകുന്നതും നമ്മുടെ കുടുംബങ്ങളിലെ മൂല്യരാഹിത്യത്തെയാണ് കാണിക്കുന്നത്. ഗാർഹിക പീഢനങ്ങൾക്കിരയാകുന്നതിന്റെ ഫലമാണല്ലൊ അവർ വീടുകളിൽ നിന്ന് ബഹിഷ് കൃതരാകുന്നതിലൂടെ വെളിപ്പെടുന്നത് സർക്കാർ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും പലപ്പോഴും ജലരേഖയാകുകയാണ്. വയോജനങ്ങൾക്കായി പ്രത്യേക ഗ്രാമസഭകൾ ചേരാൻ വ്യവസ്ഥ ഉണ്ടെങ്കിലും പലയിടങ്ങളിലും അത് പ്രാവർത്തികമാകുന്നില്ല. വയോജനഗ്രാമസഭകൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുമില്ല. വയോജനങ്ങൾ നമ്മുടെ നാടിന്റെ അഭിമാനമായി ഉയർത്തണം.സംസ്ഥാനങ്ങളിൽ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ഉൾപ്പെടെ പരിശോധിച്ച് പരിഷ്കാരങ്ങളോടെ ദേശീയതലത്തിൽ പുതിയ വയോജന നിയമങ്ങളും നയവും കൊണ്ടുവരണം.

വൃദ്ധൻ എന്നത് വൃദ്ധി പ്രാപിച്ചവൻ എന്നാണ്

അർത്ഥമാക്കുന്നത് പക്ഷെ ഇന്നിപ്പോൾ ഇത് അംഗീകരിക്കാൻ പലരും തയ്യാറല്ല.അവഗണിക്കപ്പെട്ട്, തിരസ്കൃതരാകുന്ന പല വയോജനങ്ങളുടെ വിലാപം, നെടിവീർപ്പുകൾ, കണ്ണുനീർ വലിയ ശാപമായിരിക്കും വരുത്തുക കുടുംബങ്ങളുടെ അടിത്തറ തകർക്കുന്നതായിരിക്കും ഇത്. വൃദ്ധജനങ്ങളെ പരിചരിക്കാൻ, ആശ്വസിപ്പിക്കാൻ അവരോടൊപ്പം സമയം ചിലവഴിക്കാൻ കഴിയണം. അവരുടെ അഭിപ്രായങ്ങൾ ,ഉപദേശങ്ങൾ, നിർദ്ദേശങ്ങൾ, അനുഭവസ്മരണകൾ എന്നിവയ്ക്ക് ചെവി കൊടുക്കണം. അവരിൽനിന്ന് ലഭിക്കുന്ന അറിവുകൾ വിലമതിക്കാനാവത്തതാണ്. ഇക്കാര്യം എപ്പോഴും ഓർമ്മയിൽ വേണം .

"അവരെന്നെ വിദേശത്ത് അയച്ച് പഠിപ്പിച്ചു .ഞാനവരെ വൃദ്ധസദനത്തിൽ അയച്ചുപഠിപ്പിക്കുന്നു."എന്ന മനോഭാവവും ചിന്തയും ഇന്നത്തെ തലമുറയിൽ വർദ്ധിച്ചു വരുന്നു.ഇത് ആപത്ക്കരമാണ്. നമ്മെ ചെറുപ്പത്തിൽ അവർ പരിചരിച്ചു. അവർ വൃദ്ധരാകുമ്പോൾ നാം അവരെ പരിചരിക്കണം.

വിശുദ്ധ ബൈബിൾ പഠിപ്പിക്കുന്നത് ഇപ്രകാരമാണ് '"മക്കൾ

പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു ; അവിടുന്ന് പുത്രന്മാരുടെമേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിക്കുന്നു. **"പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്ക് പ്രാശ്ചിത്തംചെയ്യുന്നു. .അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു**.

വയോജനങ്ങൾക്കെതിരെയുള്ള പ്രവണതകൾക്കെതിരെ നമുക്ക് പ്രതിഷേധിക്കാൻ കഴിയണം. എന്റെ മാതാപിതാക്കളെ ഞാൻ ഉപേക്ഷിക്കില്ലെന്ന് ഓരോ പൗരനും ചിന്തിച്ചാൽ നമുക്ക് നല്ലൊരു കുടുംബം സൃഷ്ടിക്കാൻ കഴിയും കുടുംബത്തിലെ ഐക്യമാണ് സമൂഹത്തിലെ ഐക്യം .സമൂഹത്തിലെ ഐക്യമാണ് ഒരു രാജ്യത്തിന്റെ നിലനില്പ്.നല്ലൊരു സമൂഹത്തിനായി നമുക്കൊരുമിച്ച് കൈകോർക്കാം .



*Illustration 4: APARNA THOMAS*




*Illustration 5: ASHLIN MATHEW*

# കേരളത്തിന്റെ നിലവിളി

ആൻ മേരി സോജൻ[7]

നിലവിളികൾ ഉയരുന്നു
ഓരോ കോണിലായി
പോരാട്ടം തുടരുന്നു
ഓരോ കോണിലായി

ജീവിതം മരണം
കൺമുന്നിലായ്
തീരാനഷ്ടം
കൺമുന്നിലായ്

ഉറ്റവർ മിത്രങ്ങൾ
പൊലിഞ്ഞിരുന്നു
ഉറ്റവർ കേഴുന്നു
തിരികെയെത്താൻ

കൊല്ലും കൊലയും
താഴ്ന്നു മറഞ്ഞിടുന്നു
നിലവിളികൾ മാത്രം
കേൾപ്പൂ നമ്മൾ

7 ആൻ മേരി സോജൻ 10 D കവിതാരചനാ മത്സരത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി പ്രളയമായിരുന്നു വിഷയം

ശത്രുത ദുഷ്ടത
മറന്നു നമ്മൾ
സാഹോദര്യം തൻ
സഹചാരിയായി
കേരളം നടുങ്ങി യീ
പേമാരി പ്രളയത്താൽ
ദുരിതത്തിൽ മാറാല
മുന്നിലെത്തും
ഗതി തേടി യെപ്പോഴോ -
പോയൊരാത്മാവിന്റെ
നോക്കുകുത്തികൾ
നീ വീണ്ടും പടുക്കുക
കേരളം പൂർവ്വസ്ഥിതി
യിലെത്തും ഇനി
അതിനായി പടുത്തുയ
ർത്താം നല്ലൊരു നാളെയെ
കൊടികുത്തിവാണവർ
ഇന്ന് കൈനീട്ടി കേഴുന്നു
ദരിദ്രൻ സമ്പന്നൻ
ഒന്നുപോലെ
ഈ ദുരിതത്തിൽ മാറാല യെ
അതിജീവിക്കും നമ്മൾ

# പ്രളയകാലത്തിന്റെ ഓർമ്മക്ക്

ക്രിസ്റ്റിൻ ജോസഫ്



*Illustration 6: CHRISTIN JOSEPH*

സെന്റ്.ജോസഫ്സ് ഹൈസ്ക്കൂൾ വായാട്ടുപറമ്പ

# ROSE




അഞ്ജു
ടോമി

08:53

# സ്വപ്നം തിരികെ നൽകിയത്

ടെസ്സ സിബി 10D[8]

അന്നൊരു തണുപ്പുള്ള രാത്രിയായിരുന്നു. തികച്ചും നിശബ്ദം . ആരെയും പേടിപ്പെടുത്തുന്നത്. അവൾ തനിച്ചായിരുന്നു. താനനുഭവിക്കുന്ന ദുഃഖങ്ങളെക്കുറിച്ച് ഓർത്ത് അവൾ നടന്നുനീങ്ങുകയായിരുന്നു. അന്ത്യമില്ലാത്ത വീഥികളിലൂടെ അനന്തമായ ലക്ഷ്യത്തോടെ മന്ദംമന്ദം നീങ്ങുന്നു. പെട്ടെന്നാണത് സംഭവിച്ചത്. അന്ധകാരത്തെ നീക്കിക്കൊണ്ട് അതാ സൂര്യനുദിക്കുന്നു. എല്ലാം വേഗത്തിൽ നടക്കുന്നതായി അവൾ കണ്ടു. ആ വെളിച്ചത്തിന്റെ കാഠിന്യത കൊണ്ട് ഇരുട്ട് മുഴുവനായി മാറിയിരിക്കുന്നു. അത്രനേരം താൻ നിന്ന സ്ഥലത്തുനിന്ന് വളരെ വ്യത്യസ്തമായ ഒരു പ്രദേശം തീരെ പരിചിതമല്ലാത്ത ഒരിടം. ഇത്ര പെട്ടെന്ന് താൻ ഇത്രയും ദൂരം എത്തിയതെങ്ങനെ എന്ന് അവൾ തന്നോട് തന്നെ ആവർത്തിച്ചു . പക്ഷേ ആരും അവൾക്ക് ഉത്തരം

8 സർഗ്ഗവാസനകളാൽ സമ്പന്നയാണ് ടെസ്സ സിബി

കൊടുത്തില്ല. അവൾ നടന്ന സംഭവങ്ങളെ കുറിച്ച് ഓർത്തു കൊണ്ടിരുന്നപ്പോൾ ഒരു വൃദ്ധ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവൾക്ക് അൽഭുതമായി. അതിനോടൊപ്പം അല്പം പേടിയും. താൻ ഇത് എവിടെയാണെന്ന ചിന്ത അവളെ അലട്ടുന്നുണ്ടായിരുന്നു. വ്യദ്ധ അവളോട് ഒന്നും സംസാരിച്ചില്ല. അവളെ ആ വ്യദ്ധ അവരുടെ കുടിലിലേക്ക് കൂട്ടികൊണ്ടുപോയി. ഭക്ഷണവും വെള്ളവുമൊക്കെ അവൾക്കു കൊടുത്തു. ഇത്ര സ്വാദുള്ള ഭക്ഷണം അവളിതുവരെ കഴിച്ചിട്ടില്ല .

വ്യദ്ധ അവളോട് ഒന്നും സംസാരിച്ചില്ലെങ്കിലും അവർ പറയുന്നതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവൾ അവരോട് തന്റെ ദുഃഖങ്ങളെല്ലാം പറഞ്ഞു. വ്യദ്ധ അതെല്ലാം ഭാവ ഭേദമില്ലാതെ കേട്ടു. അതിനുശേഷം ഒന്നും മിണ്ടാതെ അവളെ ഒരു മരത്തിന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ഉടനെ ആ വൃദ്ധ മരത്തിന്റെ അടുത്തുചെന്ന് ഒരു മന്ത്രം ചൊല്ലി "തുറന്നാട്ടെ മരമേ അത്ഭുത മരമേ നിന്റെ അൽഭുത വാതിൽ ."

പെട്ടെന്ന് ആ മരത്തിന്റെ നടുക്കുനിന്ന് ഒരു വാതിൽ തുറന്നു. എന്നിട്ട് വ്യദ്ധ പറഞ്ഞു , ഇതിൽ ഒരു അൽഭുത ലോകം ഉണ്ട്

നിനക്കിഷ്ടമുള്ളത് ഇതിൽനിന്ന് എടുത്തുകൊള്ളുക. ഏതാണ് ഏറ്റവും വലിയ ആഗ്രഹം അതും നിനക്ക് ഈ മരത്തിനുള്ളിൽ നിന്നും നിറവേറ്റാൻ സാധിക്കും. പക്ഷെ ഒരു കാര്യം , നിനക്ക് ഞാനൊരു പേന തരും . ഇതിന്റെ മഷി മുഴുവൻ തീരുന്നതിനുമുമ്പ് ഈ മരത്തിനു പുറത്ത് എത്തിയിരിക്കണം. അല്ലെങ്കിൽ നീ എടുക്കുന്ന എല്ലാ സാധനങ്ങളും ഇഴജന്തുക്കൾ ആയിമാറും. വൃദ്ധ പറഞ്ഞതനുസരിച്ച് പേനയും വാങ്ങി അവൾ മരത്തിനുള്ളിൽ കയറി . അത്രയും സുന്ദരമായ ഒരു ലോകം അവൾ കണ്ടിട്ടില്ല .എത്ര മനോഹരം ! ചിത്രശലഭങ്ങൾ, പൂക്കൾ ,തേനീച്ചകൾ, പക്ഷികൾ, മൃഗങ്ങൾ ......കാണാൻ എന്ത് രസമാണെന്നോ. അവൾ അവിടെ നിന്ന് ഒരു പൂവ് പറിച്ചു . അതിനുശേഷം അവൾ അവിടുത്തെ ഭംഗി ആസ്വദിച്ചുകൊണ്ട് നിൽക്കുമ്പോൾ ഒരു സ്വർണ്ണ വാതിൽ കണ്ടു അവൾ ആ വാതിൽതുറന്ന് അതിനുള്ളിലേക്ക് പോയി. ആദ്യത്തേതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു സ്ഥലം ഇവിടെ മുഴുവൻ സ്വർണങ്ങളും , വജ്രങ്ങളും കൊണ്ട് മൂടിയിരിക്കുന്നു . അവൾ അവിടെ നിന്ന് ഒരു മോതിരവും ഒരു കുഞ്ഞ് രത്നക്കല്ലും അവിടെ നിന്നെടുത്തു. ഇതിലൊന്ന് ആ വൃദ്ധയ്ക്കു കൊടുക്കാം അവൾ ചിന്തിച്ചു . അവൾ അവിടെയും വാതിൽ കണ്ടു. അവൾ ആ വാതിൽ തുറന്നു അതിനുള്ളിൽ കടന്നു. അപ്പോഴേക്കും അവൾക്ക് കൊടുത്ത പേനയുടെ മഷി തീരാറായിരുന്നു. പക്ഷേ അവൾ അറിഞ്ഞില്ല. ഒരു പാത്രത്തിൽ കുറച്ചു വെള്ളം വെച്ചിരിക്കുന്നത് അവൾ കണ്ടു. അതിനടിയിൽ ഒരു കുറിപ്പും കണ്ടു. അവൾക്ക് വായന

അറിയില്ലായിരുന്നെങ്കിലും അവൾ തപ്പിത്തപ്പി അത് വായിച്ചു തീർത്തു. അതിപ്രകാരമായിരുന്നു എഴുതിയത്" ആഗ്രഹം സഫലമാക്കുന്ന വെള്ളം. വെള്ളത്തിൽ കൈകൾ മുക്കിവച്ച് ആഗ്രഹം ഉള്ള കാര്യം മനസ്സിൽ വിചാരിക്കുക" . അവൾ കൈകൾ വെള്ളത്തിൽ മുക്കി വിചാരിച്ചു കുറച്ചു നേരത്തേക്കെങ്കിലും അച്ഛന്റെയും അമ്മയുടെയും സ്നേഹം അനുഭവിക്കാൻ സാധിക്കുക . പെട്ടന്നതാ അവളുടെ മുമ്പിൽ അവളുടെ കണ്ണുകളെ തന്നെ വിശ്വസിക്കാനായില്ല . അവൾ അവരുടെ കൂടെ കുറേനേരം കളിച്ചു പെട്ടെന്ന് അവൾ പേനയുടെ കാര്യം ആലോചിച്ചത് . അവൾ പേന എടുത്തുനോക്കിയപ്പോൾ അത് തീരാറായിരുന്നു . അവൾ തന്റെ അച്ഛനോടും അമ്മയോടും സങ്കടത്തോടെ യാത്രപറഞ്ഞ് ഓടി .

സ്വർണ്ണത്തിന്റെ വാതിലും, പൂക്കളുടേയും, പുൽമേട്ടുകളുടെയും വാതിലും കടന്ന് അവൾ ആ വൃദ്ധയെ അവിടെ കണ്ടുപെട്ടെന്ന് ആ മരം അപ്രത്യക്ഷമായി .അവൾ ആ വൃദ്ധക്ക് താൻ കയ്യിൽ കരുതിയ മോതിരം വിട്ടുകൊടുത്തു പെട്ടെന്നാണ് അവൾ അവിടെ പക്ഷിയെകണ്ടത് പക്ഷി അവളോട് ചോദിച്ചു എന്തെങ്കിലും തിളങ്ങുന്ന സാധനം ഉണ്ടെങ്കിൽ എനിക്ക് ഒന്ന് തരാമോ . ആ സമയം അവളുടെ രത്നത്തെപ്പറ്റി ഓർത്ത് അവൾ രത്നമെടുത്ത് ആ പക്ഷിക്കു കൊടുത്തു അപ്പോഴാണ് അവിടുന്ന് ഒരു മുയൽ കുട്ടൻ സങ്കടത്തോടെ നടന്നുവരുന്നത് കണ്ടത്. അവൾ കാര്യമന്വേഷിച്ചു അവൻ പറഞ്ഞു ഭാര്യക്ക് ഒരു പൂ വേണം ധാരാളം പൂക്കൾ ഉണ്ട് അപ്പോൾ

അവൾ ആ മുയലിന് തന്റെകയ്യിലുണ്ടായിരുന്ന പൂവു കൊടുത്തു അതുകൊണ്ട് മുയൽ സന്തോഷത്തോടെ മടങ്ങി പെട്ടെന്നവൾ നോക്കുമ്പോൾ രാത്രി താൻ ആദ്യം ഉണ്ടായിരുന്ന സ്ഥലത്ത് കിടക്കുന്നു . താൻ കണ്ടത് വെറും സ്വപ്നമാണെന്ന് അവൾക്ക് മനസ്സിലായി .അവൾ കിടക്കയിൽ നിന്നും എഴുന്നേറ്റു . പെട്ടെന്ന് എന്തോ തടയുന്നത് പോലെ തോന്നി നോക്കുമ്പോൾ താൻ സ്വപ്നത്തിൽ കണ്ട പൂവും മോതിരവും രത്നക്കല്ല് തന്റെ കണ്ണുകളെ വിശ്വസിക്കാനാവാതെ അമ്പരന്ന് നിന്നു .

തന്റെ ഇല്ലായ്മയിൽനിന്ന് അവൾ കൊടുക്കാൻ ശ്രമിച്ചപ്പോൾ അതിന് പ്രതിഫലമായി അവൾക്കത് തിരിച്ചുകിട്ടി ഇതെല്ലാവർക്കും ഒരു പാഠമാണ് .

# നീലാകാശം

അതുല്യ ജോയ് 10B

എല്ലാമെന്നുമീകുടക്കീഴിൽ ഒന്നായ്
ഒരു ചിത്രകാരൻ തൻ ക്യാൻവാസിൽ
ഇരുളാൽ തുടങ്ങുമീ നീലവാനിൽതുറന്നിരിക്കും ജാലകം പോലെ
കൺമുൻപിലിതാ സൗന്ദര്യം !
നീലിമയൊഴുകും കടൽ പോലെ
മനസ്സിൽ നിറയും സൗന്ദര്യം !

ഭൂമിതൻ നീലപൂന്തോപ്പിൽ ഈറൻമേഘങ്ങൾ
മുല്ലമൊട്ടുപോൽ വിരിയുന്ന
സൂര്യകിരണങ്ങളാൽ ശോഭിച്ച നിൽപ്പൂ
മേലെ ഒരു കുടയായ് !

താങ്ങായ് തണലായ് പ്രകൃതിക്കായൊരു
ചുംബനമേകൻ ജലതുള്ളികളാൽ
കാട്ടുകൾ മേട്ടുകൾ മലനിരകൾ
പൂക്കൾ പുഴകൾ പാടങ്ങൾ
ശോണരേഖകൾ വരച്ചതുപോൽ
സസ്യലതാദികൾ ജലജീവികൾ

ചുവപ്പു വർണ്ണം വിരിയുന്ന
ദുഃഖത്തിൻ നിറവാം കരിവർണ്ണത്താര
നിറയുമീ രാവിൽ ആകാശമെന്നാൽ

ഇന്ദ്രവർണ്ണങ്ങളാൽ പുതുകനവ്

ഈ കുടയൊരു ബാഷ്പം പൊഴിക്കാൻ
കാർമേഘത്താൽ വിങ്ങി നിൽക്കുംവെള്ളക്കടലാം ലാവണ്യം



*Illustration 7: JITHIN K ROJI*

# കംപ്യൂട്ടറും വിദ്യാർത്ഥികളും

-അക്സ തോമസ് 10B

*മനുഷ്യന്റെ എല്ലാ മേഖലകളിലും നിർണായക സ്വാധീനം ചെലുത്തുന്ന ഒരംഗമായി മാറിയിരിക്കുന്ന കംപ്യൂട്ടർ. കംപ്യൂട്ടർ എന്നു കേട്ടാൽ അറിയാത്തവരായി വളരെകുറച്ച് പേരെ ഇന്ന് ഭൂമിയിലുണ്ടാവൂ.*

മാനവന്റെ ഒരു ബന്ധുവായി അവന്റെ എല്ലാ കർമമർമണ്ഡലങ്ങളിലും തിളങ്ങുകയാണ് കംപ്യൂട്ടർ. അനന്തസാധ്യതകളുള്ള ഒരു സാങ്കേതിക ഉപകരണമാണിത്.

വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ നമ്മെ സഹായിക്കുന്ന ഉപകരണരമാണ് കംപ്യൂട്ടർ. അതിന്റെ കാര്യക്ഷമതയും ഉപയോഗവും അനുദിനം വർദ്ധിക്കുന്നു . സാങ്കേതികവിജ്ഞാനത്തിലും കാർഷികവിജ്ഞാനത്തിലും മെഡിക്കൽ തലത്തിലും ബഹിരാകാശതലത്തിലും എന്നു വേണ്ട മനുഷ്യന്റെ എല്ലാ

പ്രവർത്തനങ്ങളിലും കംപ്യൂട്ടർ കടന്നുവന്നിരിക്കുന്നു.ഒരു കുടുംബാംഗത്തെപ്പോലെ കംപ്യൂട്ടർ മനുഷ്യന് ഉപദേശങ്ങൾ നൽകുന്നു. പുതിയ വഴികളും നിർദ്ദേശിക്കുന്നു .

പ്രവർത്തനവേഗം എന്ന ഗുണമാണ് കംപ്യൂട്ടറിനെ വിജയിപ്പിക്കാനുള്ള കാരണം. ഗണിതം, ഗവേഷണം,പൂർവ്വകാലവിജ്ഞാനവും നിമിഷങ്ങൾക്കുള്ളിൽ നൽകപ്പെടുന്നു.

ശാസ്ത്ര -സാങ്കേതിക രംഗത്തെ അതിശയകരമായ മുന്നേറ്റം എന്ന് കംപ്യൂട്ടറിനെ വിളിക്കാം. തെറ്റ് അങ്ങനെ വരുകയുമില്ല. ശാസ്ത്രവിഷയങ്ങളിൽ പഠിതാക്കളെ മുന്നോട്ടുനയിക്കുവാൻ കംപ്യൂട്ടറിനുകഴിയുന്നു. വിഷയങ്ങൾ ബന്ധിപ്പിച്ചു പഠിപ്പിക്കാൻ കഴിയുന്നുവെന്നു മാത്രമല്ല അനുബന്ധ സൗകര്യങ്ങൾ ക്ഷണം നൽകാനും

കംപ്യൂട്ടറിനും കഴിയുന്നു. പ്രശ്നപരിഹാരമാണ് വിദ്യാഭ്യാസം. വിദ്യാർത്ഥികളുടെ വൈജ്ഞാനിക ഘടനയിലേക്കു വളരെധികം വിജ്ഞാനശാലകളെ നിക്ഷേപ്പിക്കുന്ന തന്ത്രമാണ് കംപ്യൂട്ടറിലൂടെ നടത്തുന്നത്. ആഴമുറ്റിയ അറിവിന്റെ ലോകം വിരൽത്തുമ്പിൽ സ്വായത്തമാകുന്നുവെന്നതാണ് മറ്റൊരു മേൻമ, കൃത്യതയാണ് മറ്റൊരു സവിശേഷത .

# പൊതുവിദ്യാലയങ്ങളുടെ പ്രസക്തി

**മീനു റോയ് 10B**[9]

*2016 ഓഗസ്റ്റ് ഒന്ന് കണ്ണൂർ നഗരത്തിന്റെഹൃദയഭാഗത്ത് തടിച്ചുകൂടിയ ജനസമുദ്രത്തിന് നടുവിൽ നിന്ന് ഡൽഹി ജെ.എൻ.യൂണിവേഴ്സിറ്റി വിദ്യാർത്ഥി കനയ്യകുമാർ ആവേശപൂർവ്വം പറഞ്ഞു "ഇന്ത്യയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മാതൃകയാക്കേണ്ടത് കേരളത്തിന്റെ പൊതുവിദ്യാഭ്യാസമാണ്.*

*മാനവശേഷി വികസനപ്രവർത്തനത്തിൽ നമ്മുടെ പ്രധാനമന്ത്രി മാതൃകയാക്കേണ്ട വിദ്യാഭ്യാസധാര കേരളത്തിന്റെ പൊതുവിദ്യാഭ്യാസമാണ്. ആൾക്കൂട്ടത്തിന്റെ കൈയ്യടി വാങ്ങാൻ വെറുതെ പറഞ്ഞ വാക്കുകളല്ല. കുറ്റമറ്റ പഠനത്തിലൂടെ , കൃത്യതയാർന്ന വിലയിരുത്തലിലൂടെ ഇന്ത്യൻ യുവത്വം എത്തിചേർന്ന ചിന്താധാര, സമീപകാലം ഭാരതം ദർശിച്ച എണ്ണമറ്റ പ്രതിഭാശാലികൾ, മംഗൾയാൻ പദ്ധതിക്ക് നേതൃത്വം കൊടുത്ത ഡോ. എസ് രാധാകൃഷ്ണൻ ചാന്ദ്രയാൻ ഡയറക്ടർ ജി മാധവൻ നായർ, കേന്ദ്രപ്രതിരോധമന്ത്രി എ.കെ.ആൻറണി വിദേശകാര്യസെക്രട്ടറി രഞ്ജൻ മത്തായി ,ദേശീയ സുരക്ഷാഉപദേഷ്ടാവ്*

9 മീനു റോയ് നല്ലയൊരു പ്രാസംഗികയാണ് .നന്നായി എഴുതും

ശിവശങ്കർമേനോൻ . .... ... ... .... .. .... ... ........ ......... ..........

.ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഭാരതത്തെ നയിക്കുന്നത് മലയാളത്തിന്റെ തലകളാണ് .കേരളത്തിന്റെ പൊതു വിദ്യാഭ്യാസത്തിന്റെ ശക്തി തിരിച്ചറിയാൻ കൂടുതലായി എന്തു വേണം ?

എന്താണ് പൊതു വിദ്യാഭ്യാസം ? എന്താണ് പൊതുവിദ്യാലയം?
വിദ്യയുടെ ആലയമാണ് വിദ്യാലയം . വിദ്യയെന്നാൽ അറിവ് എന്നർത്ഥം. ഭാരതീയദർശനമനുസരിച്ച് ഗുരുമുഖത്തുനിന്നാണ് വിദ്യാർത്ഥി അറിവുനേടുന്നത്. വിദ്യയിലൂടെ അറിവുനേടാൻ ,വിദ്യയിലൂടെ കരുത്തു നേടാൻപ്രതിജ്ഞാബദ്ധമായ ഒരു ഭരണകൂടം തയ്യാറാക്കിയിരിക്കുന്ന വിജ്ഞാനകേന്ദ്രമാണ് നമ്മുടെ പൊതുവിദ്യാലയം

പെസ്റ്റലോസി പറയുന്നു ഒരു കുട്ടിയുടെ എല്ലാതരത്തിലുള്ള സർഗശേഷിയുടെ സ്വാഭാവികവികാസമാണ് വിദ്യാഭ്യാസം. ഈ ലക്ഷ്യം മുൻനിർത്തിയാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്.

പണ്ഡിതശ്രേഷ്ഠർ ഒരുമിക്കുന്ന ശില്പശാലകളിൽ മനഃശാസ്ത്രവിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കുന്നതാണ് പൊതുവിദ്യാലയത്തിൽ ഉപയോഗിക്കുന്ന പാഠപുസ്തകങ്ങൾ. പൊതുവിദ്യാലയത്തെ പരിഹസിക്കുന്നവരോട് ഒരു ചോദ്യം ഇതര ഏജൻസികൾ നടത്തുന്ന പള്ളിക്കൂടത്തിൽ ഏതു പുസ്തകമാണ്

*പഠിപ്പിക്കുന്നത് ? കുട്ടി ഇസ്‌ളാമെന്നോ, ക്രിസ്ത്യാനിയെന്നോ വേർതിരിവില്ലാതെ ജാതിഭേതം, മതദ്വേഷം ഏതുമില്ലാതെ ഒരുമിക്കുന്ന വിദ്യാലയമാണ് കേരളത്തിലെ പൊതുവിദ്യാലയം. ഇത് നാടിന്റെ നേർക്കാഴ്ച. ഇത് കേരളത്തിന്റെ പരിച്ഛേദം.....ഇത് പൊതു വിദ്യാലയത്തിൻറെ പ്രസക്തി.*

*പൂട്ടാനുള്ളതല്ല പൊതുവിദ്യാലയങ്ങൾ. ലാഭംനൽകുന്ന വ്യാപാരകേന്ദ്രങ്ങളല്ല പൊതുവിദ്യാലയങ്ങൾ. അത് നാടിന്റെ വിജ്ഞാനകേന്ദ്രമാണ്. അറിവും ,ചിന്തയും, കരുത്തും വിവേകവും നമുക്ക് പകർന്നുനൽകി,നമ്മിൽ മാനവീകമൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്ന പൊതുവിദ്യാലയങ്ങളുടെ സംരക്ഷകരായി നമുക്കു മാറാം. പൊതുവിദ്യാഭ്യാസം സാർവത്രികമാക്കാൻ പൊതുവിദ്യാലയം സംരക്ഷിക്കാൻ നാടിന്റെ നന്മ നിലമിർത്താൻ നമുക്ക് കൈകോർക്കാം.*

,

# FLOOD

**APARNA THOMAS**



# ശിക്ഷണം

Jasmine George 9A

ദിവസങ്ങൾ കടന്നുപോകുംതോറും ഓരോരോ നിയമങ്ങൾ ഉടലെടുത്തുകൊണ്ടിരിക്കുന്നു. അതിൽ ഒന്നാണ് അധ്യാപകർ വിദ്യാർത്ഥികളെ തല്ലരുതെന്നത്. എന്റെ അഭിപ്രായത്തിൽ ഈ നിയമം നല്ലതല്ല. നാളത്തെ തലമുറയെ വാർത്തെടുക്കാൻ അത്യന്തം പരിശ്രമിക്കുന്നവരാണ് അധ്യാപകർ. അധ്യാപകർ ശിക്ഷിക്കുന്നത് നമ്മുടെ നന്മയ്ക്കുവേണ്ടിയാണെന്ന് നാം ആദ്യം മനസ്സിലാക്കണം. അവരുടെ ശിക്ഷണം മാതാപിതാക്കളുടെ തലോടൽപോലെ കരുതണം. എങ്കിലേ അധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ ഒരു സ്നേഹബന്ധം വളരുകയുള്ളൂ. നേർവഴിക്ക് നടത്താനെങ്കിൽ അധ്യാപകരുടെ ശിക്ഷണം ആവശ്യമാണ്. അധ്യാപകർക്കു കുട്ടികളെ പഠിപ്പിക്കുക എന്നതുപോലെ ശിക്ഷിക്കാനുള്ള അധികാരമുണ്ട്. സാക്ഷരരായ ഒരുപറ്റം മാതാപിതാക്കൾ തങ്ങളുടെ സ്വാർത്ഥമോഹങ്ങളെ സാക്ഷാത്ക്കരിക്കാൻ പരിശ്രമിച്ചുകൊണ്ടാണ് ഇങ്ങനെയൊരു നിയമം രൂപീകരിച്ചത്. ഇതിലൂടെ തന്നെ അവരുടെ മക്കൾ വഴിതെറ്റുകയാണ്. അവർ മക്കൾക്ക് അധിക സ്വാതന്ത്ര്യം നൽകുന്നു. അധ്യാപകരുടെ ശിക്ഷണം വഴിവിളക്കാണ്. അത് നല്ലതേ വരുത്തൂ.....



*Illustration 8: AMAL ROY*

Friendship

## ELNA THOMAS 10 B [10]

Friendship are the milestone which pave away to a fresh start. Friends are the priceless gifts. But they value more than a huge bundle of gold.

They are the precious gift, gifted from his hand of love and mercy. We open our mind , before them. Say it 'good' or 'bad' our mind gets soothed from them. They makes us happy, even sad but it's the valuable moments we get from them.

We laugh and fight together
and
We cry together
This relation always exists.
It's the precious friendship.

10 ബഹുമുഖപ്രതിഭ എസ്.പി.സി.യിൽ ബെസ്റ്റ് ഗേൾ കേഡറ്റ് എന്ന അംഗീകാരം ലഭിച്ചു .ഉപജില്ലാ ഗണിതമേളയിൽ അദർ ചാർട്ട് ഇനത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു .



*Illustration 9: APARNA THOMAS*

# ഉരുകുന്ന മെഴുകുതിരി -

മരിയാ ബിജു

നീ ഉയരുകയും താഴുകയും
ചെയ്യുന്ന അഗ്നി
ജീവിതത്തിന്റെ ഉയർച്ചയും താഴ്ച്ചയുമായി
ഞാൻ കാണക്കാക്കുകെങ്കിലും
നിന്റെ രഹസ്യം എന്നിൽനിന്നും മറഞ്ഞിരിക്കുന്നു
സ്വയം ഉരുകി നീ മറ്റുള്ളവർക്ക്
മുന്നേറുവാൻ ഒരു കൈവഴിയായി-
മാറിയ നിൻ ത്യഗത്തെ
ഞാൻ ആദരിക്കുന്നു
സത്യത്തിന്റെ പ്രകാശമാണവൾ
അന്ധകാരത്തിന്റെ ഭീകരതയും
ക്രോധത്തിന്റെ മൂർധന്യരൂപമാണവൾ
ശാന്തതയുടെ താഴ്വരയിൽ
സൗന്ദര്യത്തിന്റെ മൂർധന്യമാണവൾ
കാഴ്ചയുടെ അളവാണ് നീ!

*സെന്റ്.ജോസഫ്സ് ഹൈസ്കൂൾ വായാട്ടുപറമ്പ*



*Illustration 11: AMAL ROY*

# ഭൂമിയെക്കൊന്ന പരിണാമസിദ്ധാന്തം

അപർണ ജോസ്

ഗാന്ധിതലകൾക്ക് മൂല്യമേറുമ്പോൾ

അശ്രുകണങ്ങൾ വീണ്

ബാപ്പുജിയുടെ കണ്ണട പൊട്ടുന്നു.

കരവറ്റി പുഴവറ്റി എങ്കിലും

വറ്റാത്തപുഴയുണ്ടിവിടെ.

ചതിയുടെ ദുരയുടെ ചോരപ്പുഴ

ഇവിടെ ദുഷ്ടത

മണക്കുന്ന മാരുതൻമാത്രം.

മഴയെന്ന കിനാവ് ചതിയേറ്റ് ,

പകയേറ്റ് വറ്റിയകന്നുപോയി.

ആറ്റിൽ മുങ്ങിയുറങ്ങി-

തുള്ളിയുണർന്ന ബാല്യങ്ങൾ....

ആറ്റിലിപ്പോൾ അർബുദം-

## പ്പുണ്ണായി മണൽക്കുഴികൾ

നാളെ എന്റെ നാട്ടും

ഈ മുളങ്കാട്ടും ലേലമിട്ട്

വിരുന്നുകാർക്ക് വിളമ്പരുതേ മനുഷ്യാ....

ഹേ വിഡ്ഢിയായ മാനുഷ്യാ,

നിന്റെയമ്മയുടെ മരണമടുത്തിരിക്കുന്നു അവളുടെ ചരമഗീതവും

നീ തന്നെ ആലപിക്കു............



*Illustration 12: dolly*

ൈ

# CRYING BIRD & I

by

Riya jai

The birds are flying
They are not crushing and pulling
I am standing an the road
Two eagles are crying and flying to their nests



What is the problem?
I murmured in mind
I went and looked
I can't understand anything
I have felt sad

When I was climbing on the tree,
When I looked,
They are flying and going on another tree
Then also they are crying.
Their mother came ,

I was afraid of her ,
I was sad and went to my house.
But also they are going on another tree.

I look what is the problem they are crying
Their cry non stop
I got answer



## Healthy Mind In a Healthy Body

Abhijith 8A

As the topic says ' healthy mind' in a' healthy body ', A healthy mind occur only in the body of a healthy person .without health we cannot do anything or work .

Now a days healthy is not considered as prominent or important . People eat unhealthy food like burger , pizza , etc... and became more and more unhealthy Also the defficiency of excercise may make a huge amount of people diseased and unhealthy .So it is very important to be far away from diseases.

Healthy is not only the state of resistant to disease but also mental and physically healthy .incase we are in a trouble or a dg is chasing us , we need health to ran away from it and also if we are not healthy different diseases and infections may be caused.

Healthy body owns a healthy mind. Without a healthy mind we can study properly rather concentrate in anything . Thus to acheive in studing we should have a healthy mind . Which is only got through a physcialy and mentally healthy body .

To be healthy is very much important and to be healthy we should always daily do excercise and also yoga daily excercise make our bodyfit and also resistant to diseases . While from yoga we learn much more than that of excercise. yogas provide flexiblity and strength to our muscles in body and provide us with inner peace. Yogas also gives a mentally and physically refreshness and also provide strength to all parts of body. We should do excercise and yogas daily aheast 1 hour. padmasanam and vagrasanam helps people to mentally heathy while danurasanam helps us to be physically healthy.

“if wealth is lost ,nothing is lost .

If health is lost ,something is lost .

If character is lost ,everything is lost.

This is the word of a scholar , even though he tells character more valuable than health . He also tells that health is much more

valuable than health , and also our character will be only good if we passes a health mind . And thus he tells that health is situated highe than anything . If we need to achieve something in life we should have a health body and also a healthy mind .

Earlier people were generally farmers and they have their hard work , which is equal to exercise and yoga , to be healthy . As a result none of them possessed any kind of health issues or diseases. But ,now in the present things are not in that way. Most of people have their job which did not requires health and less no of people became farmers. As aresult a huge amount of diseases and health issues are caused . And thus people did not posses a healthy mind .

So, it is very import to do excercise and yoga daily to be health. A nation strength is situated upon its healthy situation. And thats why major of the nations takes important in food security. By only yogas or excercise we cannot be hralthy. To be healthy we also need a balanced diet, from which we can have the required nutrients and proteins. Also we should avoid junk food we get from outside .

To be healthy is not a simple thing to achieve and also its products is not humple . There is a lot of positive and good products achieved by being healthy including a healthy mind.




*Illustration 13: jishnu*



*Illustration 14: NAVYA SAJEEV*

# നല്ലവനായ കള്ളൻ

വർഷ ബാബു

മോഷണ മുതലുമായി ഓടുന്ന മോഷ്ടാവിന്റെ പിന്നാലേ "പിടിയവനെ' യെന്നുപറഞ്ഞു കുറച്ചധികം ആളുകൾ . .ബുദ്ധിമാനായകള്ളനും അതുതന്നെ ആവർത്തിച്ചു;പിടിയവനെ'എന്ന് ബഹളം കേട്ടൊടുന്നവരും കള്ളനൊപ്പം കൂടി പിടിയവനെയെന്ന് പറഞ്ഞ് ഓടുന്നതിനിടയ്ക്ക് ഇടവഴിയെ കള്ളൻ ഓടി മറഞ്ഞു. പക്ഷേ ആ പോക്കിൽ വെള്ളമില്ലാത്ത ഒരു പൊട്ടകിണറ്റിൽ വീണു. മൂന്ന് ദിവസത്തിന് ശേഷം യാദൃശ്ചികമായി അതുവഴിവന്ന ഒരാൾ നിലവിളി കേട്ടുചെന്നു നോക്കി അയാളെ രക്ഷപ്പെടുത്തി.ഇയാളുടെ വീട്ടിൽ നിന്നായിരുന്നു മോഷണം നടത്തിയതെന്ന് തിരിച്ചറിഞ്ഞ കള്ളൻ പശ്ചാതാപവിവശനായി.

ഈ നല്ല മനുഷ്യന്റെ വീട്ടിലെ മുതൽ അപഹരിച്ച താൻ ഒരു മഹാപാപിയാണെന്ന് അയാൾക്കു മനസിലായി. വിശക്കുന്നുണ്ടാകും വരൂ........... എന്റെ കൂടെ വരൂ ങാ....അതെന്തേലുമാകട്ടെ............ നിന്റെ വീടെവിടാ ? എങ്ങിനെയാണ് ഈ കിണറ്റിൽ

വീഴാനിടയായത് ? ഓ അത് ഞാൻ കണ്ട് പേടിച്ചോടിയ വഴി പറ്റിയതാ ..ആട്ടെ ആ കള്ളനെ പിടികിട്ടിയാൽ എന്തു ചെയ്യും?

ഇടിച്ചവന്റെ കാല് ഒടിക്കും. ചേട്ടൻ പറഞ്ഞു . എന്നാൽ പകരം എന്റെ കാലൊടിച്ചോ - അവൻ അയളുടെ മുമ്പിൽ കുനിഞ്ഞു.എന്തിനു നിന്നെയടിക്കണം ? അപ്പോൾ അവൻ കീശയിൽ നിന്നും മോഷണ മുതൽ എടുത്തു കൊടുത്തു പിന്നെ ആ കാലിൽ പിടിച്ചു കരഞ്ഞു, ഭാര്യയുടെ ചികില്സക്കു പണമില്ലാതെ അലഞ്ഞപ്പോൾ ചെയ്തു പോയതാ......

നല്ലവനായ ആ മനുഷ്യൻ കുറച്ചു പണവും നൽകി മേലാൽ എന്തു ബുദ്ധിമുട്ടു വന്നാലും മോഷ്ടിക്കരുത്. മോഷണം പാപമാണ്. ഒരുപാട് നന്ദിയുണ്ട്. അവൻ പോയി ഒരു ദൃഢ നിശ്ചയവുമായി ......... ഇനി ഞാൻ മോഷ്ടിക്കില്ല

**അപർണ തോമസ് 9A**


*Illustration 15: APARNA THOMAS*



അപർണ തോമസ് 7 A



*Illustration 16: NIKHIL JOSEPH*

**സെന്റ്.ജോസഫ്സ് ഹൈസ്ക്കൂൾ വായാട്ടുപറമ്പ**



**RONIT PHILIP**

**10 B**

# വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മയ്ക്ക്

SANA ROSE VIII A[11]




11 കാർട്ടൂൺ മത്സരത്തിൽ ഒന്നാംസ്ഥാനം നേടി .

# വിജ്ഞാനം

ജിസ്സോൾ ജയ്സൺ

സ്നേഹത്തിന്റെയും താത്പര്യത്തിന്റെയും
കരുതലിന്റെയും വാശിയുടെയും
അടിസ്ഥാനമാണ് വിജ്ഞാനം.

പൂക്കളിലെതേൻകുടിക്കാൻ വണ്ടുകൾ വരുന്നതുപോലെ
രാത്രിയിൽ ചന്ദ്രന്റെ ചുറ്റം
നക്ഷത്രങ്ങൾ വരുന്നതുപോലെ
മലരിട്ട ഓർമ്മകളിൽ വേറിട്ട ചിന്തകൾ
പാകുന്ന ഈ ധർമ്മം,
ഒരു നല്ല ജീവിതം പണിതുയർത്തി
ആ ജീവിതത്തിന്റെ ഒരംശംപോലെ
ചിന്നിചിതറാതെ കാത്തുസൂക്ഷിക്കണം
ഒരോ വ്യക്തിയും

പുലർച്ചയിൽ കാണുന്ന വെളിച്ചം
രാത്രിയിൽ മങ്ങുന്നു
ഇന്നലെ വിടർന്ന പൂവ്
ഇന്ന് വാടുന്നു
ഇതിന് സദൃശ്യമാണ് വളർന്നു വരുന്ന
തലമുറകൾ
വേറിട്ട ചിന്തകൾ ഉൾപ്പെടുത്തി
നല്ലതേതാണ് ചീത്തയേതാണ് എന്ന്
വെളിപ്പെടുത്തുന്ന ഈ ധർമ്മം
ഓരോ വ്യക്തിക്കും ആവശ്യമാണ്.

ഒരു പൂവിന്റെ   വിത്തുപോലെ വിജ്ഞാനം
നമ്മുടെ ഹൃദയത്തിൽ  പാകിയാൽ
അത് പൊട്ടി മുളയ്ക്കില്ലെന്നാരു കണ്ടു ?
അത്  മുളച്ച് അതിൽ  ഇലയുണ്ടായി
കായുണ്ടായി അവസാനം അത്
പൂക്കില്ലെന്നാരു  കണ്ടു ?

മനസ്സിനെ  കുത്തിനോവിപ്പിക്കുന്ന
ഒരു തലമുറ ഇടതുവശത്ത്
മനസ്സിനെ നിലനിർത്തി ധർമ്മത്തിന്റെ
വിത്തുകൾ പാകിയ വേറൊരു തലമുറ  വലതുവശത്ത്

ഈ രണ്ടു തലമുറകളും ഒന്നായി
നല്ലവരായി വിജ്ഞാനത്തിന്റെ പാത
നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു......

# മലയാള ചെറുകഥ

നവ്യ കെ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച **വാസനാ വികൃതിയാണ്** മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

**ഒന്നാം ഘട്ടം**

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി

നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

**രണ്ടാം ഘട്ടം**

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ

സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

## സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതകരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ.

ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

**മൂന്നാം ഘട്ടം**

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ

നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പത്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

## ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ,

മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദ സങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

## ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

അതുല്യ ഷാജി







*Illustration 17: JITHUL*

# നന്ദി

സെന്റ് ജോസഫ്സ് ഹൈസ്കൂൾ വായാട്ടുപറമ്പിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നിർമിച്ച ചിറക് എന്ന കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കാൻ പ്രോത്സാഹനം നൽകിയ ഹെഡ്മാസ്റ്റർ മാത്യുസാറിനുംപ്രചോദനം നൽകി സഹായിച്ച ഡോളി ടീച്ചർ,പ്രീതി ടീച്ചർ,മായ ടീച്ചർ ഇവർക്ക് കൃതജ്ജ്ഞത അർപ്പിക്കുന്നു .കലാസൃഷ്ടികൾ നൽകി കൈയെഴുത്തു മാസികയെ സമ്പന്നമാക്കിയ എല്ലാ പ്രതിഭകൾക്കും ,ഈ തൂലികയ്ക്ക് കരുത്തു പകർന്ന എല്ലാ ഗുരുഭൂതർക്കും

...........നന്ദിയോടെ...................................

**ഷാരോൺ ജോർജ്**